(ബി) സംസ്ഥാനത്താകെ 18.42 കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്. കർഷകർക്ക് നഷ്ടപരിഹാരമായി നൽകുവാൻ 4.81 കോടി രൂപ വേണ്ടിവരും. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.†

(സി) പാലക്കാട് ജില്ല (ഇവിടെ 3.01 കോടി രൂപയുടെ കൃഷി നാശമുണ്ടായിട്ടുണ്ട്).

(ഡി) നഷ്ടപരിഹാരം നൽകുവാനുള്ള നടപടികൾ ജില്ലാ കളക്ടർ മുഖേന സ്വീകരിച്ചുവരുന്നു.

## കാർഷിക വില നിർണ്ണയ ബോർഡ്

12 (*222)ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ. പ്രകാശ്ബാബു :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്രയുടെ താങ്ങുവിലയുടെ പ്രയോജനം യഥാർത്ഥ കർഷകർക്ക് മാത്രം ലഭിക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) കാർഷിക വില നിർണ്ണയബോർഡിൽനിന്നും പുറപ്പെടുവിച്ച നിർദ്ദേശം അനുബന്ധമായി† ചേർത്തിരിക്കുന്നു.

## ഭക്ഷ്യ സബ്സിഡിക്കായി നീക്കിവച്ച തുക

13 (*223)ശ്രീമതി ആർ. ലതാദേവി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-2000 കാലയളവിൽ ഭക്ഷ്യ സബ്സിഡിക്കായി സർക്കാർ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്;

(ബി) 2000-2001 സാമ്പത്തികവർഷത്തേക്ക് ഭക്ഷ്യ സബ്സിഡിക്കായി നടപ്പു ബജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

(സി) ഈ തുക പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

---

† അനുബന്ധം - II

† അനുബന്ധം - III

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദ്ര സർക്കാർ സബ്സിഡി എടുത്തുകളഞ്ഞ സാഹചര്യത്തിൽ സംസ്ഥാനത്ത് സബ്സിഡി നിലനിർത്തുന്നത് സർക്കാരിനെ ഒരു സാമ്പത്തിക പ്രതിസന്ധിയിലെത്തിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത്തരം ഒരു സാഹചര്യം നേരിടാൻ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) 327.55 കോടി രൂപ.

(ബി) 111 കോടി രൂപ. കൂടാതെ 59 കോടി രൂപ അധികമായി നൽകുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) കേന്ദ്രം വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ തുക അപര്യാപ്തമാണ്.

(ഡി) സാമ്പത്തിക പ്രതിസന്ധിയിലെത്തിക്കുകയില്ല. എന്നാൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകും.

(ഇ) ഉദിക്കുന്നില്ല.

## കൊല്ലം - തിരുവനന്തപുരം റെയിൽവേ ലൈൻ ഇരട്ടിപ്പിക്കുന്ന പണി

14 (*224)ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കൊല്ലം-തിരുവനന്തപുരം റെയിൽവേ ലൈൻ ഇരട്ടിപ്പിക്കുന്നതു സംബന്ധിച്ച പണി ആരംഭിച്ചതെന്നാണ്; പണി എന്നു പൂർത്തിയാകുമെന്ന് സംസ്ഥാന ഗവൺമെന്റിന് അറിയുമോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) പണി പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) തൊഴിലാളി സമരമോ നിസ്സഹകരണമോമൂലം ഇതിന്റെ പണി താമസിക്കാൻ ഇടയായിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) കൊല്ലം- തിരുവനന്തപുരം പാതയുടെ ഇരട്ടിപ്പിക്കൽ പണി ആരംഭിച്ചത് 1997- ലാണ്. 18.6.2000-ൽ പണി പൂർത്തിയായി.

(ബി&സി) പലപ്പോഴായി ഉണ്ടായ തൊഴിൽ പ്രശ്നങ്ങൾ മൂലമാണ് പണി സമയത്തിന് പൂർത്തീകരിക്കാൻ കോൺട്രാക്ടർക്ക് കഴിയാതെ പോയത്. കയറ്റിറക്ക് സംബന്ധിച്ച തർക്കങ്ങളും പിന്നെ ചില സാഹചര്യങ്ങളിൽ അവിചാരിതമായുണ്ടായ മറ്റു ചില തൊഴിൽ പ്രശ്നങ്ങളും ഒരു പരിധിവരെ ജോലിയുടെ പുരോഗതിയെ തടസ്സപ്പെടുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly